**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2697** **02-08-2021 - ൽ മറുപടിയ്ക്ക്**

**റീ സർവ്വേ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ മണ്ഡലത്തിൽ ഏതെല്ലാം വില്ലേജുകളിലാണ് റീ സർവ്വേ നടപടികൾ പൂർത്തീകരിക്കാത്തതെന്ന് അറിയിക്കാമോ; ഇതു മൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ വഴിക്കടവ്, മൂത്തേടം, എടക്കര, പോത്തുകല്ല് എന്നീ വില്ലേജുകളുടെ റീസർവ്വെ ജോലികൾ പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത വില്ലേജുകളിൽ റീസർവ്വെ ജോലികൾ ആരംഭിക്കാത്തതിനാൽ പൊതുജനങ്ങൾ ബുദ്ധിമുട്ട് നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; റീ സർവ്വേ പൂർത്തീകരിക്കുവാൻ എന്തു നടപടികളാണ് സർക്കാർ ചെയ്യാനുദ്ദേശിക്കുന്നതെന്നും എന്നത്തേക്ക് റീ സർവ്വേ പൂർത്തീകരിക്കാനാകുമെന്നും അറിയിക്കുമോ; | (ബി) | റീസർവ്വെ എസ്റ്റാബ്ലിഷ്മെന്റിലുള്ള ജീവനക്കാരെ വിവിധ താലൂക്കുകളിലെ LRM, സ്പെഷ്യൽ സർവ്വെ, പട്ടയ സർവ്വെ കൂടാതെ സർക്കാറിന്റെ വിവിധ വികസന പദ്ധതികളുമായി ബന്ധപ്പെട്ട സർവ്വെ ജോലികൾക്കായി നിയോഗിക്കുന്നതിനാൽ ആണ് റീസർവ്വേ നടപടികൾ നീണ്ട് പോകുന്നത്. |
| (സി) | നിലമ്പൂർ താലൂക്കിൽ റീ സർവ്വേയുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ; | (സി) | നിലമ്പൂർ താലൂക്കിൽ ഉൾപ്പെട്ടിട്ടുള്ള വില്ലേജുകളിൽ ഒന്നും തന്നെ നിലവിൽ റീസർവ്വെ ജോലികൾ ആരംഭിച്ചിട്ടില്ലാത്തതിനാൽ ജീവനക്കാരെ നിയോഗിച്ചിട്ടില്ല. |
| (ഡി) | റീ സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കൂടുതൽ ഉദ്യോഗസ്ഥരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയോഗിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | (ഡി) | 18/11/2016 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 4685/2016/റവന്യൂ പ്രകാരം സർവ്വെയും ഭൂരേഖയും വകുപ്പിലെ എല്ലാ ജോലി ക്രമീകരണങ്ങളും റദ്ദാക്കിയിട്ടുള്ളതാണ്. എന്നാൽ ടി ജീവനക്കാർ ലാവണ ഓഫീസുകളിലേയ്ക്ക് മടങ്ങിപ്പോകുന്നത് പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനത്തെ ബാധിക്കാതിരിക്കുന്നതിനും, ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കുന്നതിനും, ടി ഉദ്യോസ്ഥർക്ക് പകരമായി അതത് ജില്ലയിലെ റീസർവ്വെ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും താൽക്കാലികമായി ജീവനക്കാരെ നിയോഗിക്കുന്നതിന് 30/11/2016 ലെ സ.ഉ(സാധാ) നമ്പർ 5131/2016/റവന്യൂ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാർക്ക് ചുമതല നൽകി ഉത്തരവായിട്ടുണ്ട്. കൂടാതെ 08/12/2016 ലെ സ.ഉ(സാധാ) നം.5348/2016/റവന്യൂ സർക്കാർ |

| | | | |
|---|---|---|---|
| | | | ഉത്തരവ് പ്രകാരം അതത് ജില്ലയിലെ ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നിവരുമായി യോഗം ചേർന്ന ശേഷം നടപടിക്രമം പുറപ്പെടുവിച്ച് ആവശ്യമായ ജീവനക്കാരെ സർവ്വെ വകുപ്പിൽ നിന്നും വിന്യസിക്കുവാൻ ജില്ലാ കളക്ടർമാരെ അധികാരപ്പെടുത്തിയിട്ടുള്ളതും, അത്യാവശ്യ ഘട്ടങ്ങളിൽ ജില്ലയ്ക്ക് പുറത്തു നിന്നും ജീവനക്കാരെ വേണ്ടി വരുന്ന സാഹചര്യത്തിൽ സർവ്വെ ഡയറക്ടർ ആവശ്യമായ ജീവനക്കാരുടെ സേവനം വിട്ടുനൽകുകയും ചെയ്യുന്നു. എല്ലാ ജില്ലകളിലും നിലവിലുള്ള ജോലികൾ നിർവ്വഹിക്കുന്നതിന് മതിയായ ജീവനക്കാർ ലഭ്യമല്ലാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ ജോലിക്രമീകരണ വ്യവസ്ഥയിൽ ജീവനക്കാരെ അധികമായി നിയമിക്കുവാൻ കഴിയാത്ത സാഹചര്യമാണ്. |
| (ഇ) | നിലമ്പൂർ മണ്ഡലത്തിലെ റീ സർവ്വേയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ എത്ര അപേക്ഷകളാണ് തീർപ്പാക്കാനുള്ളതെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ ? | (ഇ) | നിലമ്പൂർ മണ്ഡലത്തിലെ റീസർവ്വെ അപാകത സംബന്ധിച്ച തീർപ്പാക്കാത്ത അപേക്ഷകളുടെ വില്ലേജ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. പോരുർ- 100 അമരമ്പലം -135 നിലമ്പൂർ-125 ചുങ്കത്തറ - 88 കാളികാവ് - 50 കരുളായി - 30 വെള്ളയൂർ - 30 എടകര - 3 വഴിക്കടവ് - 5 കരുവാരക്കുണ്ട് - 55 വണ്ടൂർ - 105 തിരുവാലി - 74 മമ്പാട് - 30 കേരള എസ്റ്റേറ്റ് - 26 പുള്ളിപ്പാടം - 15 തുവ്വൂർ - 35 മൂത്തേടം - 11 പോത്തുക്കല്ല് - 6 കുറുമ്പലങ്ങോട് - 4 അകമ്പാടം - 10 ചോക്കാട് - 15 -------------------- ആകെ - 952 |

സെക്ഷൻ ഓഫീസർ